പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4661 — 04.02.2014-ലെ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ 4 ജി കേബിൾ ശൃംഖല**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>„ ബി. സത്യൻ<br>„ കെ. വി. വിജയദാസ്<br>„ വി. ശിവൻകുട്ടി | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകളിൽ നാലാം തലമുറ ഫോണുകൾക്കു വേണ്ടിയുള്ള 4 ജി കേബിൾ ശൃംഖല സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ; | (എ) | 4 ജി കേബിൾ ശൃംഖല സ്ഥാപിക്കുന്നതിനായി 14.06.13-ലെ ജി.ഒ.(എം.എസ്.) 16/2013/ഐ.റ്റി.ഡി., 11.10.2013-ലെ ജി.ഒ.(എം.എസ്.)30/13/ ഐ.റ്റി.ഡി. എന്ന രണ്ട് ഉത്തരവുകൾ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് വിവര സാങ്കേതിക വിദ്യാ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ഹൈവേയ്സ് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിനായി ടെലികോം കമ്പനികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. |
| (സി) കേബിൾ ശൃംഖല സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റിലയൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ നടപടിക്രമങ്ങളിലൂടെയാണോ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; ഒപ്പുവെച്ച കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br><br>(ഡി) റിലയൻസുമായി കരാറിൽ ഏർപ്പെടുന്നതിനു മുമ്പായി ഇൻഫർമേഷൻ ടെക്നോളജി, ധനകാര്യം, നിയമം എന്നീ വകുപ്പുകളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണമെന്ത്; വ്യക്തമാക്കുമോ? | (സി) & (ഡി) | കേബിൾ ശൃംഖല സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റിലയൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കേബിൾ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് അനുമതി നൽകികൊണ്ട് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഉത്തരവിറക്കിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ ടി ഉത്തരവുകൾ റദ്ദാക്കിയിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ